പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2606 | 19.03. 2015 ൽ മറുപടിക്ക്

## സ്വകാര്യ മേഖലയിലെ വേതന വിതരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. കെ. ബഷീർ : | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ സ്വകാര്യ സ്കൂളുകളിലെ അധ്യാപകർ സ്വകാര്യ മേഖലയിലെ മറ്റ് തൊഴിലാളികൾ എന്നിവർക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും, ആയത് ഇവർക്ക് കൃത്യമായി ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനുമായി എന്തെല്ലാം പരിപാടികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) 1947 ലെ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിലെ "വർക്ക്മെൻ", 1948 ലെ മിനിമം വേതന നിയമത്തിലെ വകുപ്പ് (2) ൽ പ്രസ്താവിച്ചിട്ടുള്ള "എംപ്ലോയി" എന്നീ നിർവ്വചനങ്ങൾക്ക് കീഴിൽ സംസ്ഥാനത്തെ സ്വകാര്യ മേഖലയിലെ അദ്ധ്യാപകർ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ടി വിഭാഗം ജീവനക്കാരെക്കൂടി മിനിമം വേതന നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി തൊഴിൽ വകുപ്പ് തയ്യാറാക്കിയ കേരള പേയ്മെന്റ് ഓഫ് മിനിമം വേജസ് റ്റു ടീച്ചേഴ്സ് ഓഫ് അൺഎയ്ഡഡ് എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് ബിൽ-2014 ഇപ്പോൾ പൊതുവിദ്യാഭ്യാസ വകുപ്പ് പരിശോധിച്ചുവരുന്നു. ഇത് കൂടാതെ സംസ്ഥാനത്തെ 74 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ച് നടപ്പിലാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന 2011 ന് ശേഷം 38 തൊഴിൽ |

മേഖലകളിൽ കൂടി മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പുറമേ പുതുതായി അഞ്ച് തൊഴിൽ മേഖലകളിൽ കൂടി മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കൂടാതെ 41 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ മിനിമം വേതന അഡ്വൈസറി ബോർഡിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. അതിനോടൊപ്പം തന്നെ വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. സ്വകാര്യ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ക്വാഡ് പരിശോധനകൾ നടത്തുമ്പോഴും മറ്റ് വകുപ്പുകളുമായി ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുമ്പോഴും നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ടി സ്ഥാപന മാനേജ്മെന്റുകൾക്കെതിരെ ക്ലെയിം പെറ്റീഷനുകളും പ്രോസിക്യൂഷനുമുൾപ്പെടെയുള്ള നിയമ നടപടികളും സ്വീകരിച്ചുവരുന്നു.

| | |
|---|---|
| (ബി) സ്വകാര്യ മേഖലയിലെ ശമ്പളം ബാങ്ക് വഴി ലഭ്യമാക്കണമെന്ന കാര്യത്തിൽ സർക്കാരിന്റെ നയമെന്താണ്; ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) സ്വകാര്യ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി വിതരണം ചെയ്യുന്നത് നിർബന്ധമാക്കിക്കൊണ്ട് 06-02-2012 തീയതിയിലെ സ.ഉ |

(എം.എസ്) നമ്പർ 26/12/തൊഴിൽ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ തൊഴിൽ വകുപ്പ് സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

സെക്ഷൻ ആഫീസർ.